ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 10.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്, അമേരിക്ക സന്ദർശനത്തിന് തുടക്കമായി.ഇരു രാജ്യങ്ങളും തമ്മിൽ ഇന്ത്യയ്ക്കുള്ള നയതന്ത്ര പങ്കാളിത്തം മെച്ചപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi embarks on his visit to France and the United States. The Prime Minister said that the visit will help improve India's diplomatic partnership with the two countries.**

2. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം ആരോഗ്യ പരിരക്ഷയ്ക്കും പ്രാധാന്യം നൽകണമെന്ന് പരീക്ഷാ പേ ചർച്ചയിൽ പ്രധാനമന്ത്രി.

   **The Prime Minister, in the discussion on the Pareeksha Pe Charcha, said that along with focusing on studies, health care should also be given importance.**

3. 2025-26 ലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നു നടന്നു.

   **The discussion on the Union Budget 2025-26 was held in both the Houses of Parliament today.**

4. മന്ത് നിർമ്മാർജ്ജനത്തിനുള്ള ക്യാമ്പയിൻ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഉറപ്പാക്കണമെന്ന് അഭ്യർത്ഥിച്ച് മന്ത്രി ജെ പി നഡ്ഡ.

   **Minister JP Nadda has requested states and union territories to ensure that the campaign to eradicate Lymphatic Filariasis is being implemented effectively.**

5. സംസ്ഥാന ബജറ്റ് സംബന്ധിച്ച ചർച്ചകൾക്ക് കേരള നിയമസഭയിൽ തുടക്കമായി. കിഫ്ബി വിഷയത്തിൽ സഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

**Discussions on the state budget have begun in the Kerala Assembly. Opposition staged walk out on the KIIFB issue.**

6. തായ്‌ലൻഡിൽ നടക്കുന്ന പാരാ ആർച്ചറി ഏഷ്യാ കപ്പ് വനിതാ കോമ്പൗണ്ട് ഓപ്പൺ വിഭാഗത്തിൽ ഇന്ത്യയുടെ സരിതയ്ക്ക് സ്വർണം.

**In Para-Archery, India's Sarita has clinched the gold medal in the Women's Compound Open category at the Para-Archery Asia Cup in Thailand.**

## PM VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്, അമേരിക്ക സന്ദർശനത്തിന് തുടക്കമായി. ഇരു രാജ്യങ്ങളും തമ്മിൽ ഇന്ത്യയ്ക്കുള്ള നയതന്ത്ര പങ്കാളിത്തം മെച്ചപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി യാത്രക്ക് മുന്നോടിയായുള്ള സന്ദേശത്തിൽ പറഞ്ഞു. പാരിസിൽ നടക്കുന്ന മൂന്ന് ദിവസത്തെ എ.ഐ ഉച്ചകോടിയ്ക്ക് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോയ്ക്കൊപ്പം ശ്രീ മോദി ഇന്ന് സംയുക്ത അധ്യക്ഷത വഹിക്കും. 100 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന ഉച്ചകോടിയിൽ, നിർമിത ബുദ്ധി ഉപയോഗത്തിലെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ, ഉത്തരവാദിത്തത്തോടെയുള്ള എ.ഐ ഉപയോഗം എന്നിവ സംബന്ധിച്ച നിർണായ ചർച്ചകൾ നടക്കും.
മാർസേയിലെ ഇന്ത്യൻ കോൺസുലേറ്റിന്റെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി മറ്റന്നാൾ അമേരിക്കയിലെത്തും. നിർണായക ചർച്ചകളും, ഉഭയകക്ഷി കൂടിക്കാഴ്ചകളും സന്ദർശനത്തിന്റെ ഭാഗമായി നടക്കും.

## PARIKSHA PE CHARCHA EARLY(INTRO)

പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം ആരോഗ്യ പരിരക്ഷയ്ക്കും ഏറെ പ്രാധാന്യമുണ്ടെന്ന് പരീക്ഷാ പേ ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ജീവിതത്തിലെ എല്ലാ വെല്ലുവിളികളും

സധൈര്യം നേരിടണമെന്നും സമ്മർദ്ദം അതിജീവിച്ച് പരീക്ഷകൾക്കായി തയ്യാറെടുക്കണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞു. പരീക്ഷാ തയ്യാറെടുപ്പുമായി ബന്ധപ്പെട്ടുള്ള പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പോഷകാഹാരം, ശരിയായ ഉറക്കം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ചും പ്രധാനമന്ത്രി വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകി.

(വോയ്സ്)

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ മറ്റ് കുട്ടികളുമായി താരതമ്യം ചെയ്യരുതെന്നും ശ്രീ.നരേന്ദ്രമോദി പറഞ്ഞു. പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ 36 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിച്ചത്.

## LS-BUDGET DISCUSSION

2025-26 ലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച ലോക്സഭയിൽ നടന്നു. കോർപ്പറേറ്റുകൾക്ക് അനുകൂലമായ ബജറ്റാണ് കേന്ദ്ര ബജറ്റ് എന്നും തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നിവയുൾപ്പെടെ ജനങ്ങൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബജറ്റ് പരാജയപ്പെട്ടുവെന്നും ഡിഎംകെ അംഗം ദയാനിധി മാരൻ ആരോപിച്ചു. ഇന്ത്യൻ സമ്പദ്വ്യവസ്ഥ മന്ദഗതിയിലാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ എല്ലാ മേഖലകൾക്കും ബജറ്റിൽ നല്ല രീതിയിൽ വിഹിതം വകയിരുത്തിയിട്ടുണ്ടെന്നും രാജ്യത്തിൻറെ ക്ഷേമം മുൻ നിർത്തിയുള്ള ബജറ്റാണ് ഇതെന്നും ബിജെപി എംപി അനുരാഗ് സിംഗ് ഠാക്കൂർ വ്യക്തമാക്കി.

## FUR REV RS-BUDGET_

ഉത്പാദനം, നിർമാണം എന്നിവയുമായി ബന്ധപ്പെട്ട സർക്കാരിന്റെ ഇൻസെന്റീവുകൾ പരാജയമാണെന്ന് കോൺഗ്രസിലെ ശ്രീ പി ചിദംബരം ആരോപിച്ചു. രാജ്യസഭയിൽ ബജറ്റ് ചർച്ചയ്ക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിലില്ലായ്മ സംബന്ധിച്ച് സർക്കാർ കൃത്യമായ വിവരം നൽകിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് നേതാക്കളുടെ ആരോപണങ്ങൾക്ക് മറുപടിയായി നിർമാണമേഖല ഉൾപ്പെടെ വിവിധ മേഖലകളിൽ

സർക്കാർ സ്വീകരിച്ച നടപടികളുടെ പട്ടിക കേന്ദ്രമന്ത്രി ജെപി നഡ്ഡ സഭയിൽ അവതരിപ്പിച്ചു.

## REV DAY - MAHAKUMBH - PREZ

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മഹാകുംഭ മേളയിലെ ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനത്തും രാഷ്ട്രപതി പൂജ നടത്തി. പ്രയാഗ്‌രാജിലുള്ള അക്ഷയ, ബഡേ ഹനുമാൻ ക്ഷേത്രവും രാഷ്ട്രപതി സന്ദർശിച്ചു. ഗവർണർ ആനന്ദിബെൻ പട്ടേലും മുഖ്യമന്ത്രി യോഗി ആദിത്യനാഥും രാഷ്ട്രപതിയെ അനുഗമിച്ചു.

## JP NADDA (INTRO)

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ ഇന്ന് മന്ത് നിർമ്മാർജ്ജനത്തിനുള്ള മരുന്ന് വിതരണത്തിൻറെ ദേശീയ ക്യാമ്പയിന് വീഡിയോ കോൺഫറൻസിലൂടെ തുടക്കം കുറിച്ചു. ക്യാമ്പയിൻ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഉറപ്പാക്കണമെന്നും കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു. ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന രോഗത്തിൽ നിന്ന് സംരക്ഷണം നൽകാനുള്ള പോരാട്ടം ഉർജ്ജിതപ്പെടുത്താൻ പരിപാടി ലക്ഷ്യമിടുന്നതായി കേന്ദ്ര മന്ത്രി പറഞ്ഞു.

(വോയിസ്)

## PREZ - UNANI DAY

യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ടു ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര യുനാനി ചികിത്സാ ഗവേഷണ സമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. പ്രശസ്ത യുനാനി

ചികിത്സകനും അധ്യാപകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഹക്കിം അജ്മൽ ഖാൻറെ ജന്മവാർഷികദിനമായ ഫെബ്രുവരി പതിനൊന്നാണ് യുനാനി ദിനമായി ആഘോഷിക്കുന്നത്.

## NIYAMASABHA

2025-26 ലെ സംസ്ഥാന ബജറ്റ് സംബന്ധിച്ച ചർച്ചകൾക്ക് കേരള നിയമസഭയിൽ ഇന്ന് തുടക്കമായി. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറാണ് ചർച്ച ആരംഭിച്ചത്. എം. രാജഗോപാലൻ, മാത്യു കുഴൽനാടൻ, ആബിദ് ഹുസൈൻ തങ്ങൾ, മോൻസ് ജോസഫ് തുടങ്ങി ഇരുപക്ഷത്തു നിന്നും നിരവധി അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. ബജറ്റിന്മേലുള്ള ചർച്ച സഭയിൽ ബുധനാഴ്ച വരെ തുടരും.

## NIYAMASABHA - WALKOUT

സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ചകൾ കേരള നിയമസഭയിൽ ഇന്നും നടന്നു. കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റിയതായി ചൂണ്ടിക്കാട്ടി പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങി പോയി. കിഫ്ബി പരാജയപ്പെട്ട മാതൃകയാണെന്ന് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത് റോജി എം ജോൺ ആരോപിച്ചു. കിഫ്ബി റോഡുകളിൽ ടോൾ പിരിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. എന്നാൽ കിഫ്ബി പ്രവർത്തനങ്ങളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ മറുപടി നൽകി.

## CM KERALA

താമസിക്കാൻ സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് വീട് വെക്കാനുള്ള അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന

ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അർഹതപ്പെട്ടവർക്ക് ഡേറ്റാ ബാങ്കിൽപ്പെട്ട തായാലും, നെൽവയൽ-തണ്ണീർത്തട പരിധിയിൽപ്പെട്ടതാ യാലും വീടുവയ്ക്കാനായി ഗ്രാമപഞ്ചായത്തിൽ 10 സെൻ്ററിനും നഗരത്തി ൽ 5 സെൻ്ററിനും അനുമതി നൽകേണ്ടതാണെന്ന് നിയമസഭയിൽ ടി.ഐ മധുസൂദനൻ്റെ ശ്രദ്ധ ക്ഷണിക്കലിനു മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## NEW KARNATAKA: GRAND AERO INDIA SHOW (INTRO)

15-ാമത് എയ്റോ ഇന്ത്യ 2025 - വ്യോമാഭ്യാസ പ്രദർശനം ബംഗളൂരുവിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഉദ്ഘാടനം ചെയ്തു. പ്രതിരോധമേഖലയിലെ ഉല്പാദനത്തിലുള്ള രാജ്യത്തിൻ്റെ കരുത്തും ഉത്സാഹവും പ്രതിഫലിപ്പിക്കുന്നതാണ് ഏഷ്യയിലെ ഏറ്റവും വലിയ വ്യോമാഭ്യാസ പ്രദർശനമായ എയ്റോ ഇന്ത്യ എന്ന് കേന്ദ്രമന്ത്രി പറഞ്ഞു . 2025ൽ പ്രതിരോധ ഉൽപ്പാദന പരിഷ്കാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും, നവീകരണവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി നടപടികൾ കൈക്കൊള്ളുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ്)

എയ്റോ ഇന്ത്യ രാജ്യത്തിൻ്റെ വ്യാവസായിക ക്ഷമതയും സാങ്കേതിക പുരോഗതിയും ലോകത്തിന് കാട്ടിക്കൊടുക്കുന്ന തോടൊപ്പം സുഹൃദ് രാജ്യങ്ങളുമായുള്ള സഹവർത്തിത്വ ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുന്നുവെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

## PARA ARCHERY ASIA CUP

തായ്‌ലൻഡിലെ ബാങ്കോക്കിൽ നടക്കുന്ന പാരാ ആർച്ചറി ഏഷ്യാ കപ്പിലെ വനിതാ കോമ്പൗണ്ട് ഓപ്പൺ വിഭാഗത്തിൽ ഇന്ത്യയുടെ സരിതയ്ക്ക് സ്വർണം. ഇന്ന് ഉച്ചതിരിഞ്ഞ് നടന്ന മത്സരത്തിൽ 143-142 എന്ന സ്കോറിനാണ് സിംഗപ്പൂരിൻ്റെ നൂർ സയാഹിദ ആലിമിനെ

സരിത തോൽപ്പിച്ചത്. മറ്റൊരു ഇനത്തിൽ ഇന്ത്യയുടെ ആദിൽ മുഹമ്മദ് നസീർ അൻസാരി, ഹോങ്കോങ്ങിൻ്റെ മാൻ തായ് യുങ്ങിനെ തോൽപ്പിച്ച് പുരുഷ ഡബ്ല്യു വൺ വിഭാഗത്തിൽ വെങ്കലം നേടി.

## V.C. CHANDHIRAKUMAR

ഡിഎംകെ മുതിർന്ന നേതാവ് വി.സി. ചന്ദിര കുമാർ നിയമസഭാംഗമായി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ഈറോഡ് ഈസ്റ്റ് ഉപതെരഞ്ഞെടുപ്പിൽ 90,629 വോട്ടിൻ്റെ വൻ ഭൂരിപക്ഷത്തിലാണ് അദ്ദേഹം വിജയിച്ചത്. തമിഴ്നാട് നിയമസഭാ സ്പീക്കർ എം.അപ്പാവു നിയമസഭാ സെക്രട്ടേറിയറ്റിലെ ചേംബറിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.